(ഇ) 2010 ജൂൺ 30 വരെ 2183 തൊഴിലാളികളും 879 സ്വയം തൊഴിൽ ചെയ്യുന്നവരും ഈ പദ്ധതിയിൽ അംഗങ്ങളായിട്ടുണ്ട്.

(എഫ്) കോട്ടയം

(ജി) പദ്ധതിയുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

ആർട്ട് വർക്ക് ചെയ്യുന്നവർക്ക് ക്ഷേമനിധി

68 (4124) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആർട്ട്വർക്ക് ചെയ്തുവരുന്ന ചിത്രകാരന്മാർ, ശില്പികൾ, ചുമരെഴുത്തുകാർ, പെയിന്റർമാർ തുടങ്ങിയ വിഭാഗം തൊഴിലാളികൾക്ക് എന്തെങ്കിലും ക്ഷേമനിധികളും പെൻഷനും നൽകുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കുമോ ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത തൊഴിലാളികൾക്ക് ക്ഷേമനിധിയും പെൻഷനും ഏർപ്പെടുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) ക്യാൻവാസിൽ ഓയിൽ പെയിന്റുകൊണ്ട് ചിത്രമെഴുതുന്നവർ, വാട്ടർ കളർ, പോസ്റ്റർ കളർ എന്നിവ ഉപയോഗിച്ച് ചിത്രം വരയ്ക്കുന്നവർ, ചുവർ പരസ്യകല, വാണിജ്യ പരസ്യരംഗത്ത് പെയിന്റ് ചെയ്തും ചിത്രങ്ങൾ വരച്ചും അക്ഷരങ്ങൾ എഴുതിയും തുണിയിൽ ബാനർ എഴുതിയും ഉപജീവനം നടത്തുന്നവർ തുടങ്ങിയവർക്ക് കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗങ്ങളാകാവുന്നതാണ്. ടി പദ്ധതിയിൽ അംഗങ്ങളായി 10 വർഷം അംശയമടച്ച് റിട്ടയർമെന്റ് ആനുകൂല്യം കൈപ്പറ്റിയ എല്ലാ അംഗങ്ങൾക്കും കേരള അൺ ഓർഗനൈസ്ഡ് റിട്ടയേർഡ് വർക്കേഴ്സ് പെൻഷൻ ഫണ്ട് സ്കീം-2008 എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ലേബർ കമ്മീഷണർ മുഖേന പെൻഷൻ നൽകി വരുന്നുണ്ട്.

രാത്രി ഷിഫ്റ്റിൽ ജോലിയെടുക്കുന്ന സ്ത്രീകൾ

69 (4125) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ ശാലകളിൽ രാത്രി ഷിഫ്റ്റിൽ ടെക്നീഷ്യന്മാരായി എത്ര സ്ത്രീകൾ ജോലിയെടുക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) സർക്കാർ-അർദ്ധ സർക്കാർ വ്യവസായ ശാലകളിൽ എത്ര സ്ത്രീകൾ പുരുഷന് തുല്യം രാത്രി ഷിഫ്റ്റിൽ ജോലിയെടുക്കുന്നു ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) കേരളത്തിലെ സംഘടിത വ്യവസായ ശാലകളിൽ തൊഴിലാളികളെ ജോലിക്ക് വയ്ക്കുമ്പോൾ പുരുഷ തൊഴിലാളികളെപ്പോലെ സ്ത്രീ തൊഴിലാളികളുടെ നിയമനം ഉറപ്പുവരുത്താൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 330.

(ബി) 165.

(സി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

ചെറുകിട-വൻകിട പേപ്പർ മില്ലുകളിൽ പണിയെടുക്കുന്ന തൊഴിലാളികൾ

70 (4126) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ വിവിധ ചെറുകിട-വൻകിട പേപ്പർ മില്ലുകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് നാളിതുവരെ മിനിമം വേജസ് നടപ്പിലാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയത് നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

സംസ്ഥാനത്തെ വിവിധ ചെറുകിട-വൻകിട പേപ്പർമില്ലുകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് മിനിമം വേതനം സർക്കാർ നിശ്ചയിച്ചിട്ടില്ല. ടി മേഖലയിൽ മിനിമം വേതനം നടപ്പിലാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

വൻകിട-ഇടത്തരം തോട്ടങ്ങളുടെ വിശദാംശങ്ങൾ

71 (4127) ശ്രീ. പി. കൃഷ്ണപ്രസാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വൻകിട-ഇടത്തരം തോട്ടങ്ങളുടെ വിസ്തൃതി, ഉടമ, തൊഴിലാളികളുടെ എണ്ണം എന്നിവ ജില്ല തിരിച്ച് ലഭ്യമാക്കുമോ ;

(ബി) ഈ തോട്ടങ്ങൾ രജിസ്റ്റർ ചെയ്ത കാലത്തെ വിസ്തൃതിയിൽ പിന്നീട് ഏറ്റക്കുറച്ചിലുകൾ വന്നിട്ടുണ്ടോ, ഉടമസ്ഥൻ മാറിയിട്ടുണ്ടോ എന്നീ കാര്യങ്ങൾ വ്യക്തമാക്കുമോ ;

(സി) രജിസ്റ്റർ ചെയ്ത സമയത്തെ തൊഴിലാളികളുടെ എണ്ണത്തിൽ ഏറ്റക്കുറച്ചിലുകൾ വന്നിട്ടുണ്ടോ ; എങ്കിൽ കുറവാണോ കൂടുതലാണോ എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly